## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 121      28.01.2019 ൽ മറുപടിക്കുണ്ടായിരുന്നത്

### ഹർത്താൽ നാശനഷ്ടം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ജെ.മാക്സി | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് 2019 ജനുവരി 3-ന് ബി. ജെ.പി, ആർ.എസ്.എസ്, ഹിന്ദു മുന്നണി ആഹ്വാന പ്രകാരം നടന്ന ഹർത്താൽ ആക്രമണവുമായി ബന്ധപ്പെട്ട് എത്ര കോടി രൂപയുടെ നാശനഷ്ടം സംഭവിച്ചു; | (എ) 03.01.2019 ലെ ഹർത്താലുമായി ബന്ധപ്പെട്ട് പൊതുമുതൽ നശിപ്പിച്ച വകയിൽ 28,43,072/- രൂപയുടെയും സ്വകാര്യമുതൽ നശിപ്പിച്ച വകയിൽ 1,03,28,526/- രൂപയുടെയും നഷ്ടം കണക്കാക്കിയിട്ടുണ്ട്. |
| (ബി) പ്രസ്തുത നാശനഷ്ടം കലാപകാരികളായ ഹർത്താൽ അനുകൂലികളിൽ നിന്നും ഈടാക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു; ആയത് പ്രകാരം എത്ര കോടി രൂപയുടെ നാശനഷ്ടങ്ങൾ ഇവരിൽ നിന്നും ഈടാക്കി; വിശദാംശം വ്യക്തമാക്കുമോ; | (ബി) നാശനഷ്ടം വരുത്തിയ അക്രമ സംഭവങ്ങളിൽ അനുയോജ്യമായ വകുപ്പുകൾ ചേർത്ത് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും, കുറ്റമറ്റരീതിയിൽ അന്വേഷണം നടത്തി വരുന്നതുമാണ്. നാശനഷ്ടങ്ങൾ സംബന്ധിച്ച് കോടതിയ്ക്ക് റിപ്പോർട്ട് നൽകിയിട്ടുള്ളതാണ്. |
| (സി) ഇതുമായി ബന്ധപ്പെട്ട പൊതുമുതൽ നശീകരണ നിയമ പ്രകാരം അറസ്റ്റിലായവർ എത്രയെന്ന് വ്യക്തമാക്കുമോ;<br>(ഡി) പ്രകോപനപരമായ പരാമർശങ്ങളിലൂടെ കലാപാഹ്വാനത്തിന് പ്രേരണ നൽകിയ എത്ര ബി.ജെ.പി, ആർ.എസ്.എസ്, ഹിന്ദു മുന്നണി നേതാക്കളെ അറസ്റ്റചെയ്ത് ജയിലിലടച്ചു; അവർ ആരെല്ലാം; | (സി) & (ഡി) 643 പേർ അറസ്റ്റിലായിട്ടുണ്ട്. |
| (ഇ) പ്രസ്തുത ഹർത്താലുമായി ബന്ധപ്പെട്ടുണ്ടായ ആക്രമണങ്ങൾ തടയുന്നതിന് വീഴ്ച വരുത്തിയ പോലീസ് ഉദ്യോഗസ്ഥർ ആരെല്ലാം; അവർക്കെതിരെ എന്ത് നടപടികൾ സ്വീകരിച്ചു? | (ഇ) പോലീസ് ഉദ്യോഗസ്ഥർ വീഴ്ച വരുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ